# പഞ്ചായത്ത് ഹൈസ്കൂൾ

## പത്തിയൂർ






# ആശംസ

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

എന്ന്

ഹെഡ്മിസ്ട്രസ്സ്

അനിത കുമാരി വി

# ആരോരും ഇല്ലാത്തവർക്ക് ദൈവം തുണ

ഒരിടത്ത് ഒരു കാട്ടിൽ ഒരു അമ്മുമ്മ ജീവിച്ചിരുന്നു. ആ അമ്മുമ്മയ്ക്ക് ബന്ധുക്കളും മക്കളും എല്ലാവരും ഉണ്ടായിരുന്നു ഒരു സമ്പന്ന കുടുംബം ആയിരുന്നു അവരുടെത് അവരുടെ സ്വത്തുക്കൾ മുഴുവൻ മക്കൾ തന്റെ പേരുകളിലേക്ക് അവര് അറിയാതെ മാറ്റി. എന്നിട്ട് അമ്മുമ്മയെ തന്റെ വീട്ടിൽ നിന്നും പുറത്താക്കി. ഒരു കാട്ടിൽ ഉപേക്ഷിച്ചിട്ട് പോയി. ആ അമ്മുമ്മ ആ കാട്ടിൽ തനിക് താമസിക്കാൻ ഒരു വീട് ഉണ്ടാക്കി. സഞ്ചാരികൾ  വരുമ്പോൾ ഉപേക്ഷിച്ചുപോകുന്ന  സാധനങ്ങളും കാട്ടിലെ വിധങ്ങളും വച്ച് അവർ ജീവിച്ചു പോന്നു. ഒരു ദിവസം അവർ കാട്ടിൽ വിറക് പെറുക്കാൻ പോയപ്പോൾ ഒരു മനുഷ്യൻ അവിടെ മുറിവേറ്റ് കിടക്കുന്നത് അവർ തന്റെ വീട്ടിലേക്ക് കൊണ്ടുവന്ന് കാട്ടുഔഷധചെടികൾവച്ച് അയാളെ ചികിത്സിച്ചു. ചികിത്സ കഴിഞ്ഞ് അമ്മുമ്മയ്ക്ക്  അയാൾ 'നന്ദി' പറഞ്ഞു. തന്റെ സങ്കടങ്ങൾ മുഴുവൻ അമ്മുമ്മ അയാളോട് പറഞ്ഞു. അത് കേട്ട് അയാൾ പറഞ്ഞു തനിക്ക് അമ്മയും അച്ഛനും ഇല്ലെന്ന കാര്യവും എന്ന് പറഞ്ഞിട്ട് അമ്മുമ്മയോട് ചോദിച്ചു. തന്റെ അമ്മയായി വരാമോ എന്ന് അയാളുടെ നന്മയും വിനയമൊക്കെ  കണ്ട് അമ്മുമ്മ അതിന് സമ്മതിച്ചു. അയാൾ വളരെ സമ്പന്നാനായിരുന്നു. അതുകൊണ്ട് അമ്മുമ്മയെ റാണിയെപൊലെ വാഴിച്ചു.

സുചിത്ര സജി
8 A

# കൂട്ടുകാരോടൊപ്പം തെന്മലയിലേക്ക്




സഹ്യപർവതങ്ങൾക്കിടയിലെ പ്രകൃതിരമണീയമായ ഒരു കൊച്ചു ഗ്രാമം.100 കണക്കിന് പക്ഷിമൃഗാതികളുംസൈലൻറ് വാലിയിൽ മാത്രം കാണുന്ന സിംഹവാലൻ കുരങ്ങും വംശനാശഭീഷണി ഏറ്റ ചെന്തുരുണി എന്ന വൃക്ഷം കാണപ്പെടുന്ന വളരെ മനോഹരമായ തെന്മയിലേക്ക് ഒരു കൊച്ചുയാത്ര.

1st day

ടീച്ചർമാരുടെ നിർദ്ദേശപ്രകാരം 4/11/2023 ചൊവ്വ കൃത്യം 1.30 ക്ക്എല്ലാവരും എത്തിച്ചേർന്നു കൃത്യസമയത്ത് തന്നെ യാത്ര ആരംഭിച്ചു.ശ്രീകുമാർസാ4/11/2023ർ, സന്ധ്യ ടീച്ചർ, ഷീജ ടീച്ചർ എന്നിവരുടെ നേതൃതത്തിൽ പുതിയ അധ്യാപകർ പുതിയ കൂട്ടുകാർ.പോകുന്ന വഴിയിൽ മഞ്ഞിൽ കുളിച്ച് നിൽക്കുന്ന ,കുരങ്ങുകൾ അങ്ങനെ ധാരാളം കാഴ്ചകൾ.കൃത്യം 4.30 ന് ഞങ്ങൾ ചെന്തുരുണി വൈഡ് ലൈഫ് സാഞ്ചറി ഫോറസ്റ്റ് ഡിപ്പാർട്ട് മെൻ്റിൽ 3 ദിവസം . വൈകിട്ട് ഫോറസ്റ്റ് ഓഫീസറായ സന്തോഷ് സാറിൻെറ അതിമനോഹരമായ ഒരു ക്ലാസ് . ചെന്തുരുണി എന്ന വൃക്ഷം കാണപ്പെടുന്നതിനാലാണ് ചെന്തുരുണി വന്യജീവി സങ്കേതം എന്ന് അറിയപ്പെടുന്നത് . ചുവന്ന കായ്കളും വളരെ കട്ടിയുള്ളതുമായ തിനാൽ പണ്ടു രാജാക്കന്മാർ ഫർണിച്ചറും

മറ്റും ഉണ്ടാക്കുമൊക്കെ സാർ പറഞ്ഞു .

രാത്രി ഭക്ഷണം ശേഷം കൾച്ചറൽ പ്രോഗ്രാമുകൾ ഉണ്ടായിരുന്നു . മനോഹരമായ പരിപാടികൾ കാഴ്ചവെച്ച അന്നത്തെ രാത്രി ആര് ഉറങ്ങിയില്ല പരസ്പരംആർക്കും തമ്മിൽ അറിയില്ലായിരുന്നു എന്നാൽ കുറച്ച നിമിഷങ്ങൾക്കുള്ളിൽ ഞങ്ങൾ വളരെ അടുപ്പമുള്ള കൂട്ടുകാർ ആയിമാറിയിരുന്നു.

2nd day

രാവിലെ 6:00ന് തയാറായി. ഞങ്ങൾ ട്രാക്കിങ് പോകുന്നുണ്ടായിരുന്നു ട്രാക്കിങിന് ഞങ്ങളുടെ ഗൗയ്ഡ് സുബ്രമണ്യൻ സാർ ആയിരുന്നു. സാർ പോകുന്ന വഴിയിൽ ധാരാളം സസ്യജന്തുജലങ്ങളെ പറ്റിയും അവയുടെ ജീവിത ശൈലിയും സാർ വ്യക്തമാക്കി. പത്തി പോലുള്ള പത്തിപാറ സന്ദർശിച്ചു. മലയുടെ മുകളിൽ നിന്ന് കല്ലട ഡാം, വാഹനങ്ങൾ ഇവ കാണാൻ വളരെ ചെറുതും മനോഹരവും ആയിരുന്നു. ശേഷം കല്ലട ഡാം സന്ദർശിച്ചു. ആനന്ദ് സാർ കറണ്ട് ഉൽപാദിപ്പിക്കുന്നത് പറഞ്ഞു.

പിന്നീട് ഡിപ്പാർട്ടമെന്റിൽ തിരിച്ച് എത്തി. ഉച്ചഭക്ഷണശേഷം ഷാജു സാർ പക്ഷികളെ പറ്റി ക്ലാസ് എടുത്തു. അന്ന് രാത്രിയിലും കൾച്ചറൽ പ്രോഗ്രാമുകൾ ഉണ്ടായിരുന്നു.

3rd day

വെളുപ്പിനെ 4:00ന് തയാറായി.6:00ന് പക്ഷിനിരീക്ഷണതിന് യാത്രയായി സുബ്രമണ്യൻ സാർ തന്നെയായിരുന്നു. ഗൗയ്ഡ് അറിയാവുന്നതും അറിയാത്തതു പക്ഷികളെ കാണിച്ച് ധാരാളം കാര്യങ്ങൾ പറഞ്ഞുതന്നു. പിന്നീട് ഡിയർ പാർക്കിൽ പോയി മലയിലൂടെ സഞ്ചരിച്ചു വന്നു. ഉച്ചഭക്ഷണശേഷം ഞങ്ങൾ തെന്മാലയിൽ നിന്നു യാത്രയായി. ഒരിക്കലും മറക്കാൻ കഴിയാത്ത അനുഭവമയി`പുതിയ കൂട്ടുകാരുമായി' 3 ദിവസം. എല്ലാവരും വളരെ അടുത്തിരുന്നു. എല്ലാവരും പിരിയുന്ന സങ്കടത്തിലായിരുന്നു. സ്കൂളിൽ നിന്ന് ഇങ്ങനെ ഒരു പഠനയാത്രയ്ക്ക് തിരഞ്ഞെടുത്തതിൽ ടീച്ചേർസിനോട് വളരെയധികം നന്ദിയും സന്തോഷവും ഉണ്ട്.



# *MOM*

Mom Mom, the sweetest mom
Mom Mom, the lovely mom
She cooks  for us,
She care for us,
She live for us,
Mom Mom.........
You are a flower in the garden
You are an angel in the heaven
Mom Mom..........
I am so lucky to have you in my life.....
She take care to me like a butterfly
Mom Mom......
The brave mom!!!

Niya Nizar
9A

# ചന്ദ്രകാന്തം



ചന്ദ്രനിലാവേ...ചന്ദ്രനിലാവേ....
ഭൂമിതൻ ഉപഗ്രഹമാണ് നീ...

നിലാവുപൊഴിക്കും ചന്ദ്രനാണോ നീ...
നിലാവെളിച്ചം തരും ചന്ദ്രനാണോ നീ...

രാത്രിയിൽ വരുന്ന നീ...
രാവിലെ സൂര്യനെ പേടിച്ച് പോകുന്ന നീ...

പൗർണ്ണമി നാളിൽ തിളങ്ങിനിൽക്കുന്ന നീ...
അമാവാസിയാകുമ്പോൾ ...
അമാവാസിയാകുമ്പോൾ ആരും
കാണാതെ ഒളിഞ്ഞിരിക്കുന്ന നീ...

രാത്രിയിൽ ഞങ്ങളെ നോക്കിച്ചിരിക്കുന്ന നീ...
നോക്കിച്ചിരിക്കുന്ന നീ...
രാത്രിയിൽ ഞങ്ങളെ നോക്കിച്ചിരിക്കുന്ന നീ...

**-ആദിത്യ . ആർ. സുരേഷ്**
**ക്ലാസ്സ് 7A**

# റോസാപ്പൂവ്



ഇളം കാറ്റു വീശും നേരം ആടിയുലയുന്ന
റോസാപ്പൂവേ...
എന്റെ വീട്ടിലെ കൊച്ചു പൂന്തോട്ടത്തിൽ ഇത്തിരി
പൂക്കൾക്കിടയിൽ നിന്റെ സൗന്ദര്യം എന്റെ
നെഞ്ചിൽ ആഴ്ന്നിറങ്ങുന്നു.
ആ പൂന്തോട്ടത്തിലെ ചിത്രശലഭങ്ങൾ എല്ലാം
നിന്റെ ചുറ്റും പാറിപ്പറക്കുന്നു.
നിന്റെ സുഗന്ധം ഈ പൂന്തോട്ടത്തിൽ വള്ളികൾ
പടരുന്നപോലെ ഇവിടെ ചുറ്റും പടർന്നുകിടക്കുന്നു.

സാബിത്
8A

# മസനകുടി വഴി തെന്മലയിലേക്കൊര് യാത്ര

രാവിലെ ആറുമണിയോടെ സന്തോഷകരമായ യാത്ര ഞങ്ങൾ പുറപ്പെട്ടു. ആദ്യം ഞങ്ങൾ സന്ദർശിച്ചത് ബ്രിട്ടീഷുകാർ പണികഴിപ്പിച്ച സസ്പെൻഷൻ (suspension bridge)കാണാനായി പോയി.പക്ഷേ നിർഭാഗ്യവശാൽ അത് തുറന്നിട്ടില്ലായിരുന്നു.ടീച്ചർമാർ അതിന്റെ സവിശേഷതകൾ മനസ്സിലാക്കി തന്നു.അതിനുശേഷം ഞങ്ങൾ പ്രഭാത ഭക്ഷണം കഴിക്കുവാൻ വേണ്ടി പോയി. അതിനുശേഷം പാലരുവിയിൽ എത്തി.എന്നിട്ട് അവരുടെതായ വാഹനത്തിൽ ഞങ്ങൾ വെള്ളച്ചാട്ടംസന്ദർശിക്കാൻ പോയി. അതിനുശേഷം ഞങ്ങൾ അരുവിയിൽ കുളിക്കാനായി ഇറങ്ങി.ഇതിനിടയിൽ ഞങ്ങൾ കുറെ കുരങ്ങന്മാരെ കണ്ടു.അതിനുശേഷം ഞങ്ങൾ ഉച്ചഭക്ഷണം കഴിക്കാനായി പോയി. ഉച്ചഭക്ഷണം വളരെ നല്ലതായിരുന്നു.ഉച്ചഭക്ഷണത്തിനുശേഷം വിവിധ തരം മാനുകളെ കാണാൻ വേണ്ടി(Deer Park)പോയി അവിടുത്തെ കടയിൽ നിന്നും ഉപ്പിലിട്ട നെല്ലിക്ക കഴിച്ചു. അതിനിടയിൽ വിവിധതരം മീനുകളെ കാണാൻ വേണ്ടി പോയി.അതിനുശേഷം ദിനോസർ പാർക്കിൽ പോയി അതുവഴി ഞങ്ങൾ കല്ലട ഡാമിൽ പോയി.അതിനുശേഷംഗാർട്ടനിലിൽ കൂടി തൂക്കുപാലത്തിൽകയറാൻ വേണ്ടി പോയി ഒരേ സമയം 5 പേർ മാത്രം ആ പാലത്തിൽ കയറാൻ കഴിയും.അതിനുശേഷം ചായ കുടിക്കാനായി പോയി .അതുകഴിഞ്ഞ് ഞങ്ങൾ പാർക്കിൽ പോയി അതുകഴിഞ്ഞ് ഞങ്ങൾ പാർക്കിൽ പോയി.പാർക്കിലെ അനുഭവങ്ങൾ വളരെ രസകരമായിരുന്നു. അതിനുശേഷം ഞങ്ങൾ സൗണ്ട് ലൈറ്റ് കാണുവാനായി പോയി.അതിനുശേഷം തെന്മലയുടെ സവിശേഷതകൾ നിറഞ്ഞ ഒരു ഷോർട്ട് ഫിലിം കണ്ടു.അതിനുശേഷം രാത്രിയിൽ ഭക്ഷണം കഴിക്കാനായി പോയിഅതിനുശേഷം രാത്രിയിൽ ഭക്ഷണം കഴിക്കാനായി പോയി.കഴിച്ചു കഴിഞ്ഞ് തിരിച്ചു ബസ്സിൽ കയറി ഞങ്ങൾ എല്ലാവരും തുള്ളി.സന്ദീപ് സാറിൻറെ അതിമനോഹരമായ നൃത്ത നൃത്യങ്ങൾ കണ്ടു.ഞങ്ങളുടെ പഠനയാത്ര അവസാനിച്ചു. തിരിച്ചു 11 :30 ആയപ്പോൾ ഞങ്ങൾ സ്കൂളിൽ എത്തിച്ചേർന്നു.

ഈ ടൂർ സംഘടിപ്പിച്ച ടീച്ചർമാർക്കും സന്ദീപ് സാറിനും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി

ആകാശ് സുരേഷ്
8A